"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - 1986 മുതൽ 2017 മാർച്ച് വരെയുള്ള അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സെറ്റിൽമെന്റ് സ്കീമിന്റെ കാലാവധി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/TAXES തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:- 1. സ.ഉ(കൈ)നം.75/2024/TAXES തീയതി 19.11.2024

2. സ.ഉ(കൈ)നം. 38/2025/TAXES തീയതി 10.04.2025

3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 18.12.2025 തീയതിയിലെ IGR/5215/2023-RR9 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

1986 മുതൽ 2017 മാർച്ച് വരെയുള്ള അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുള്ള സെറ്റിൽമെന്റ് സ്കീമിന്റെ കാലാവധി പരാമർശം (2) പ്രകാരം 2025 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2) നിരവധി കുടിശ്ശിക കേസുകൾ ഇനിയും തീർപ്പാക്കാനുള്ളതായും ടി കുടിശ്ശിക കേസ്സുകൾ കൂടി തീർപ്പാക്കി സർക്കാരിലേയ്ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക ലഭ്യമാക്കുന്നതിനായി സെറ്റിൽമെന്റ് സ്കീമിന്റെ കാലാവധി മാർച്ച് 2026 വരെ ദീർഘിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1986 മുതൽ 2017 മാർച്ച് വരെയുള്ള അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുള്ള സെറ്റിൽമെന്റ് സ്കീമിന്റെ കാലാവധി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും

എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

ധനകാര്യ വകുപ്പ് (18.01.2026 തീയതിയിലെ 2644513/EXP-B1/634/2023-FIN നമ്പർ അഭിപ്രായ പ്രകാരം)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu Thomas T
Date: 30-01-2026 10:33:08
സെക്ഷൻ ഓഫീസർ